LIBRARY ARCHIVES Kerala Legislative Assembly

മുട്ടിൽ മരം മുറി അന്വേഷണം

118 (424) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ ഈട്ടി മരംമുറി കേസ്സിലെ അന്വേഷണം അട്ടിമറിക്കാൻ സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ കൂട്ടുനിന്നുവെന്ന് ഉത്തര മേഖലാ ചീഫ് കൺസർവേറ്റർ റിപ്പോർട്ട് നൽകിയിരുന്നോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ മരംമുറിക്കെതിരെ രംഗത്ത് വന്ന മേപ്പാടി റെയ്ഞ്ച് ഓഫീസറെ സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ മാനസികമായി പീഡിപ്പിച്ചെന്ന കണ്ടെത്തലുണ്ടോ; ഈ റിപ്പോർട്ടിൽ കുറ്റാരോപിതനായ ഉദ്യോഗസ്ഥനെതിരെ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അതിന്മേലുള്ള കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

(സി) മുട്ടിൽ മരംമുറി കേസ് പുറത്തു കൊണ്ടുവന്ന ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അന്വേഷണ സംഘത്തിൽ നിന്നും ഏതെങ്കിലും ഘട്ടത്തിൽ മാറ്റിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) മുട്ടിൽ മരംമുറി കേസ്സിലെ പ്രതികളുടെ സമ്മർദ്ദത്തെ തുടർന്നാണ് ഈ ഉദ്യോഗസ്ഥനെ അന്വേഷണ സംഘത്തിൽ നിന്നും മാറ്റിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ ഉദ്യോഗസ്ഥനെ അന്വേഷണ സംഘത്തിൽ തിരികെ ഉൾപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്തെ LA പട്ടയഭൂമികളിൽ നിന്നിരുന്ന സർക്കാർ റിസർവ് ചെയ്ത മരങ്ങൾ മുറിച്ച് നീക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിവരം അന്വേഷിക്കുന്നതിനായി ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ 5 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചിരുന്നു. വയനാട് മുട്ടിൽ മരംമുറിയുടെ പ്രാഥമിക അന്വേഷണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ കോഴിക്കോട് ഫൈ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരിക്കെ രണ്ട് ജില്ലകളുടെ ചുമതലയോടെ അന്വേഷണ ടീമിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി ഓഫീസറെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫൈ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൃഷിഭൂമിയിലെ മരം മുറിച്ച കർഷകർക്കെതിരായ കേസ്സുകൾ

119 (425) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ലാന്റ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

1964-ലെ ലാൻഡ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ നിയമാനുസൃതം മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാൻ ശ്രമിച്ചിട്ടില്ല.. എന്നാൽ റവന്യൂ വകുപ്പിന്റെ 24-10-2020-ലെ 261/2020/റവന്യൂ നമ്പർ സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ നിയമവിരുദ്ധമായി മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട വനനിയമ ലംഘനങ്ങൾക്കാണ് കേസ്സുകൾ നിലവിൽ എടുത്തിട്ടുള്ളത്.

(ബി) ഇത്തരത്തിൽ മരം മുറിച്ച് മാറ്റിയവർക്കെതിരെ നിലവിൽ കേസ് എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം 93 ഒ.ആർ. കേസ്സുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഇവയിൽ 41 കേസ്സുകൾ ഇടുക്കി